**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2620** **13-12-2022 - ൽ മറുപടിയ്ക്ക്**

**ആസ്തി വികസന പദ്ധതി പ്രവർത്തികളുടെ ബില്ലുകൾ സമയബന്ധിതമായി പാസാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിക്കപ്പെട്ടിട്ടുള്ള പ്രവൃത്തികളുടെ ബില്ലുകൾ പാസ്സാക്കി നൽകുന്നതിൽ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സമർപ്പിയ്ക്കുന്ന ആസ്തിവികസന നിധിയിലെ ബില്ലുകൾ മാറുന്നതിന് നിലവിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.** |
| (ബി) | ഏതു മാസം വരെയുള്ള ബില്ലുകൾക്കാണ് നിലവിൽ സർക്കാരിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | **നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സമർപ്പിച്ചിട്ടുള്ള ആസ്തിവികസന നിധിയിലെ ബില്ലുകൾക്ക്** 2022 നവംബർ മാസം വരെ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് പൂർത്തിയാക്കിയ പ്രവൃത്തികളുടെ ബില്ലുകളിൽ ബി.ഡി.എസ് മുഖേന ലഭ്യമായവയിൽ 2022 മെയ് മാസം വരെയുള്ള ബില്ലുകളുടെ ഷെഡ്യൂൾ പ്രകാരമുള്ള ഫണ്ട് അനുവദിച്ച് പൂർണ്ണ തോതിൽ സെറ്റിൽ ചെയ്തിട്ടുണ്ട്. എന്നാൽ ബി.ഡി.എസ് സംവിധാനം വിനിയോഗിച്ച് ബിൽ തുകകൾ മാറിയെടുക്കാൻ നവംബർ മാസം 2022 വരെയുള്ള ബില്ലുകൾക്ക് അനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | നിലവിൽ എത്ര കോടി രൂപയുടെ ബില്ലുകളാണ് കുടിശ്ശികയുള്ളതെന്നും ഇതിന്റെ ജില്ല/ നിയോജകമണ്ഡലം അടിസ്ഥാനത്തിലുള്ള വിശദാംശം ലഭ്യമാക്കാമോ; | (സി) | ഏകദേശം 114.49 കോടി രൂപയുടെ ബില്ലുകൾ കുടിശ്ശികയുണ്ടെന്നാണ് ജില്ലാ ഭരണകൂടങ്ങളിൽ നിന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ബില്ലുകൾ പാസ്സാക്കി നൽകുന്നതിൽ വരുന്ന കാലതാമസം കാരണം വിവിധ സർക്കാർ അക്രെഡിറ്റഡ് ഏജൻസികളും നിർവ്വഹണ സ്ഥാപനങ്ങളും കരാറുകാരും നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുടെ പാശ്ചാത്തലത്തിൽ ഇതിനാവശ്യമായ ഫണ്ട് അടിയന്തിരമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | **LAC-ADS ലെ മാർഗ്ഗരേഖ പ്രകാരം എഞ്ചിനീയറിംങ്ങ് വിംഗുകളുള്ള വകുപ്പുകളാണെങ്കിൽ അതാത് വകുപ്പുകൾ തന്നെയാണ് പ്രവൃത്തികൾ നടപ്പിലാക്കുന്നത്. പ്രവൃത്തിയുടെ ഗുണഭോക്തൃ വകുപ്പുകൾ പ്രവൃത്തി വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്ന മുറയ്ക്ക് വകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ശീർഷകങ്ങളുടെ നിയന്ത്രണാധികാരി ബില്ലുകൾ മാറി നൽകുന്ന രീതിയാണ് തുടർന്ന് വരുന്നത്. ഇതിനായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ മതിയായ ഫണ്ട് വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ അക്രഡിറ്റഡ് ഏജൻസികൾ മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികളുടെ** |

| | | | |
|---|---|---|---|
| | | | **ബിൽ തുക നേരിട്ട് അനുവദിയ്ക്കുന്നതിന് ധനകാര്യ സെക്രട്ടറി നിയന്ത്രണാധികാരിയായി പ്രത്യേക ശീർഷകത്തിന്റെ കീഴിൽ ആവശ്യമായ തുക വകയിരുത്തിവരുന്നുണ്ട്. ആസ്തി വികസന നിധിയുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഫണ്ടിന്റെ അപര്യാപ്തത ചൂണ്ടിക്കാണിക്കുന്ന മുറയ്ക്ക് അടിയന്തിരമായി അധിക ധനാനുമതി നൽകുന്നതിനും ധനകാര്യ വകുപ്പ് ശ്രദ്ധിക്കുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**ആസ്തിവികസന പദ്ധതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ കുടിശ്ശിക ബില്ലുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ.**

### 1. തിരുവനന്തപുരം

ആസ്തിവികസന പദ്ധതി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ പാസ്സാക്കി നൽകുന്നതിൽ കാലതാമസം നേരിടുന്നതായി നിർവ്വഹണ ഉദ്യോഗസ്ഥർ നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല എന്നാണ് തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിച്ചിട്ടുള്ളത്. ബില്ലുകൾ കുടിശ്ശികയുള്ളതായി അറിയിച്ചിട്ടില്ല.

### 2. കൊല്ലം

എം.എൽ.എ. ആസ്തിവികസന നിധി വിനിയോഗിച്ച് പ്രവൃത്തി ചെയ്ത കരാറുകാർക്ക് 04/2022 വരെയുള്ള ബിൽ തുകകൾ പൂർണ്ണമായി നൽകിയിട്ടുണ്ട്.

### 3. പത്തനംതിട്ട

എം.എൽ.എ. ആസ്തിവികസന നിധി വിനിയോഗിച്ച് പ്രവൃത്തി ചെയ്ത കരാറുകാർക്ക് ബിൽ തുക (കുടിശ്ശിക) നൽകാൻ ബാക്കിയില്ലെന്ന് എ.ഡി.സി അറിയിച്ചിട്ടുണ്ട്.

### 4. ആലപ്പുഴ

ആസ്തിവികസന പദ്ധതി പ്രകാരം പ്രവൃത്തി ചെയ്ത കരാറുകാർക്ക് **10,04,32,285 രൂപ** കുടിശ്ശികയുണ്ടെന്ന് 11.07.2023 ൽ എ.ഡി.സി അറിയിച്ചിട്ടുണ്ട്.

### 5. കോട്ടയം

**13.12.2022 ലെ കണക്കുകൾ പ്രകാരം,** ആസ്തിവികസന പദ്ധതി പ്രകാരം പ്രവൃത്തി ചെയ്ത കരാറുകാർക്ക് **10,73,00,934/- രൂപ** കുടിശ്ശികയുണ്ട്.

### 6. എറണാകുളം

09.12.2022 തീയതിയിലെ കണക്കുകൾ പ്രകാരം, ആസ്തിവികസന പദ്ധതിയിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ മുഖേന 2,96,88,750/- രൂപ നൽകാനുണ്ട്. ജൂൺ മാസം മുതലാണ് കുടിശ്ശികയുള്ളത്. ആസ്തിവികസന പദ്ധതിയിൽ ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന 13,26,542/- രൂപ നൽകാനുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന 36,70,000 രൂപ നൽകാനുണ്ട്. എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ 08.12.2022 ലെ കണക്ക് പ്രകാരം 39,36,809/- രൂപ കുടിശ്ശികയുണ്ട്. 09.12.2022 ലെ കണക്ക് പ്രകാരം ഹാർബർ എഞ്ചിനീയറിംഗ് വിഭാഗത്തിൽ 1,62,12,059/- രൂപയുടെ ബില്ലുകൾ കുടിശ്ശികയുണ്ട്. (ആകെ. **5,48,34,160**/- രൂപ).

**7. ഇടുക്കി**

എം.എൽ.എ. ആസ്തിവികസന നിധിയിൽ ഉൾപ്പെടുത്തി ഇടുക്കി ജില്ലയിൽ **33,62,487/-** രൂപ നൽകുവാനുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ അറിയിച്ചിട്ടുള്ളതാണെന്ന് ഇടുക്കി എ.ഡി.സി 09.12.2022 ൽ അറിയിച്ചിട്ടുണ്ട്.

**8. പാലക്കാട്**

04.07.2023 ലെ കണക്ക് പ്രകാരം **19,32,91,003/- രൂപ**യുടെ ബില്ലുകൾ കുടിശ്ശികയുണ്ട്.

**9. കോഴിക്കോട്**

2022 ഡിസംബർ മാസത്തിലെ കണക്ക് പ്രകാരം ആസ്തിവികസന പദ്ധതി പ്രകാരം പ്രവൃത്തി ചെയ്ത കരാറുകാർക്ക് **30,80,28,329/-** രൂപ കുടിശ്ശികയുണ്ട്.

**10. തൃശ്ശൂർ**

എം.എൽ.എ. ആസ്തിവികസന പദ്ധതി പ്രകാരം പ്രവൃത്തി ചെയ്ത കരാറുകാർക്ക് ബിൽ തുക കുടിശ്ശികയുടെ വിശദ വിവരങ്ങൾ താഴെ നൽകുന്നു. (08.12.22 ൽ നൽകിയ വിവരം)

(1) പൊതുമരാമത്ത് റോഡ്സ് വിഭാഗം- 140.49 ലക്ഷംരൂപ

(2) LSGD എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ ഓഫീസ്:- 1638.13 ലക്ഷം രൂപ

(3) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം :- 149.63 ലക്ഷം രൂപ

**ആകെ. 19.28 കോടി രൂപ**

**11. കണ്ണൂർ**

എം.എൽ.എ. ആസ്തിവികസന നിധി പ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളുമായി ബന്ധപ്പെട്ട് 2022 ജൂൺ മുതൽ 2022 ഡിസംബർ 31 വരെ **14,01,39,143/-** രൂപയുടെ ബിൽ തുക കുടിശ്ശികയുണ്ട്. 09.12.22 ലെ കണക്ക് പ്രകാരം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കീഴിൽ **1,99,251/- രൂപ**യുടെ ബില്ലുകൾ കുടിശ്ശികയുണ്ട്.

**12. മലപ്പുറം**

MLA ADS കൊണ്ടോട്ടി മണ്ഡലത്തിൽ ചെറുകിട ജലസേചനവിഭാഗം എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ ഓഫീസിൽ 08.11.2022 മുതൽ **11,48,686/- രൂപ** കുടിശ്ശികയുണ്ട് (As on 02.12.2022).

**13. വയനാട്**

എം.എൽ.എ. ആസ്തിവികസന നിധി പ്രകാരം പ്രവൃത്തി ചെയ്ത കരാറുകാർക്ക് **4,35,85,488/- രൂപ** ബിൽ തുക കുടിശ്ശികയിനത്തിൽ നൽകാനുണ്ടെന്ന് വയനാട് എ.ഡി.സി. 12.12.2022 ൽ അറിയിച്ചിട്ടുണ്ട്.

**14. കാസർഗോഡ്**

എം.എൽ.എ. ആസ്തിവികസന നിധി വിനിയോഗിച്ച് പ്രവൃത്തി ചെയ്ത കരാറുകൾക്ക് ബിൽ തുക (കുടിശ്ശിക) നൽകാൻ ബാക്കിയില്ലെന്ന് ജില്ലാ കളക്ടർ 13.12.2022 ൽ അറിയിച്ചിട്ടുണ്ട്.

Sasidharan